**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1591 — 10-02-2020-ൽ മറുപടിക്ക്.

## ആലപ്പുഴ നഗരസഭയിലെ അക്ഷയകേന്ദ്രങ്ങൾ

ചോദ്യം
ശ്രീ.കെ.യു. ജനീഷ് കുമാർ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ നഗരസഭയിൽ നിലവിൽ എത്ര അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | 10 അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | പുതിയതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് വിജ്ഞാപനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് | (ബി) | വിജ്ഞാപനം ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| | ലഭ്യമാക്കുമോ; | | |
| (സി) | ആലപ്പുഴ നഗരസഭയിൽ പുതുതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ആരെല്ലാം അക്ഷയകേന്ദ്രം ജില്ലാ ഓഫീസിൽ അപേക്ഷകൾ നൽകിയിട്ടുണ്ടായിരുന്നുവെന്നും അതിൽ ആരുടെയെല്ലാം അപേക്ഷ നഗരസഭ കൗൺസിലിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (സി) &(ഡി) | അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനായി ജില്ലാ ഓഫീസിൽ ചുവടെ പറയുന്ന 6 പേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.<br>1. ശ്രീ. കുര്യാക്കോസ്. പി.റ്റി<br>2. ശ്രീമതി.എലിസബത്ത്.റ്റി<br>3. ശ്രീമതി. ഷഹാനമോൾ<br>4. ശ്രീ. പ്രജിത് മോഹൻ<br>5. ശ്രീമതി.റഫീന കെ<br>6. ശ്രീമതി. ഷെമ്മി അൻസാരി<br>നഗരസഭയിൽ നേരിട്ട് ചുവടെ ചേർത്തിരിക്കുന്ന 6 പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>1. ശ്രീമതി.അമൃതം.എം<br>2. ശ്രീ. കുര്യാക്കോസ്. പി.റ്റി<br>3. ശ്രീമതി.എലിസബത്ത്.റ്റി<br>4. ശ്രീമതി. മിനി ശശീശ്വരൻ<br>5. ശ്രീമതി. ഷെമ്മി അൻസാരി<br>6. ശ്രീമതി.സ്മിത സുകുമാരൻ<br>പുതിയ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് 30.10.2019 ലെ സ.ഉ(കൈ)നം.24/2019/വി.സ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്, പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ഒരു ലൊക്കേഷനിൽ പുതിയ അക്ഷയകേന്ദ്രം അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനം വേണമെന്ന വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | അക്ഷയകേന്ദ്രം ആരംഭിക്കുന്നതിനായി ആലപ്പുഴ നഗരസഭയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു; ആരെല്ലാമാണ് അപേക്ഷകൾ സമർപ്പിച്ചത്; അക്ഷയകേന്ദ്രത്തിൽ നിന്നും ലഭിച്ച അപേക്ഷകർക്കാണോ നഗരസഭാ കൗൺസിൽ അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ; | | |
| (ഇ) | കേരള സർക്കാർ വിവരസാങ്കേതികവിദ്യ (സി) വകുപ്പിന്റെ 30/10/2019-ലെ സ.ഉ. (കൈ)നം. 24/2019 പ്രകാരം പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | ആലപ്പുഴ നഗരസഭ പുതുതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | അക്ഷയകേന്ദ്രങ്ങൾ അനുവദിച്ചു നൽകുന്നത് സർക്കാരാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

സംഗ്രഹം

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ്—അക്ഷയ പദ്ധതി—പുതിയ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കൽ, സംരംഭകരെ തെരഞ്ഞെടുക്കൽ, അക്ഷയകേന്ദ്രങ്ങളുടെ കൈമാറ്റം, ഉപകേന്ദ്രങ്ങൾ അനുവദിക്കൽ, അക്ഷയകേന്ദ്രം റദ്ദാക്കൽ, കരാർ പുതുക്കൽ, പ്രവർത്തന പോരായ്മകൾക്കുള്ള ശിക്ഷാനടപടികൾ എന്നിവ ഉൾപ്പെടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു**

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (സി) വകുപ്പ്**

സ. ഉ. (കൈ.) നമ്പർ 24/2019/വി.സാ.വ. *തിരുവനന്തപുരം, 2019 ഒക്ടോബർ 30.*

പരാമർശം:— 1. 31-7-2007-ലെ സ.ഉ. (എംഎസ്.) നമ്പർ 17/2007വി.സ.വ. നമ്പർ ഉത്തരവ്.

2. 20-7-2013-ലെ സ.ഉ. (ആർറ്റി.) നമ്പർ 171/2013/വി.സ.വ. നമ്പർ ഉത്തരവ്.

3. 4-9-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 36/2015/വി.സ.വ. നമ്പർ ഉത്തരവ്.

4. അക്ഷയ ഡയറക്ടറുടെ 16-4-2019-ലെ എകെഎസ്/226/2018-ജിഎ 3 (കെ.എസ്.ഐ.ടി.എം.) നമ്പർ കത്ത്.

## ഉത്തരവ്

അക്ഷയകേന്ദ്രങ്ങൾ അനുവദിക്കൽ, സംരംഭകരെ തെരഞ്ഞെടുക്കൽ, അക്ഷയകേന്ദ്രങ്ങളുടെ കൈമാറ്റം, ഉപകേന്ദ്രങ്ങൾ അനുവദിക്കൽ, കരാർ പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് മുകളിൽ 1 മുതൽ 3 വരെ പരാമർശിച്ചിട്ടുള്ള ഉത്തരവുകൾപ്രകാരം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങൾ സംബന്ധിച്ച സമഗ്രമായ നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ പരാമർശം (4) പ്രകാരം അക്ഷയ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

(II) അക്ഷയ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും ചില ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കൽ, സംരംഭകരെ തെരഞ്ഞെടുക്കൽ, അക്ഷയകേന്ദ്രങ്ങളുടെ കൈമാറ്റം, ഉപകേന്ദ്രങ്ങൾ അനുവദിക്കൽ, അക്ഷയകേന്ദ്രം റദ്ദാക്കൽ, കരാർ പുതുക്കൽ, പ്രവർത്തന പോരായ്മകൾക്കുള്ള ശിക്ഷാനടപടികൾ എന്നിവ ഉൾപ്പെടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെ പറയുന്നപ്രകാരം ഭേദഗതി വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു:

1. പുതിയ ലൊക്കേഷൻ അനുവദിക്കുന്നത്

ഒരു ലൊക്കേഷനിൽ പുതിയ അക്ഷയകേന്ദ്രം അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനം വേണമെന്ന വ്യവസ്ഥയും ഒരു പഞ്ചായത്തിൽ പരമാവധി 4-ഉം മുനിസിപ്പാലിറ്റിയിൽ പരമാവധി 6-ഉം അക്ഷയകേന്ദ്രങ്ങളെ അനുവദിക്കൂ എന്ന വ്യവസ്ഥയും ഒഴിവാക്കുന്നു. രണ്ട് അക്ഷയകേന്ദ്രങ്ങൾ (അടുത്തടുത്ത തദ്ദേശഭരണ പ്രദേശത്തുള്ളവ തമ്മിലും) തമ്മിലുള്ള ദൂരം ഏറ്റവും കുറഞ്ഞത് 1.5 കി.മീ. ആയി നിജപ്പെടുത്തുന്നു. ആയത് പാലിച്ചുകൊണ്ട് അക്ഷയ ഡയറക്ടർ ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശയോടുകൂടി സർക്കാരിലേക്ക് സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് പുതിയ അക്ഷയകേന്ദ്രങ്ങൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

2. നിലവിലെ ലൊക്കേഷനുകൾ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്

സർക്കാർ അനുവദിച്ച് നൽകിയ ലൊക്കേഷനിലല്ലാതെ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ പാടില്ല. അപ്രകാരം അംഗീകാരമില്ലാത്ത ലൊക്കേഷനുകളിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ യാതൊരു കാരണവശാലും റഗുലറൈസ് ചെയ്തു നൽകുന്നതല്ല. ആയതിനാൽ അപ്രകാരം പ്രവർത്തിക്കുന്ന അംഗീകൃത അക്ഷയകേന്ദ്രങ്ങൾ അവയ്ക്കായി സർക്കാർ അനുവദിച്ചിട്ടുള്ള ലൊക്കേഷനുകളിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതും മറ്റുള്ളവ നിർത്തലാക്കുന്നതിന് അക്ഷയ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3. പുതിയ സംരംഭകരുടെ തെരഞ്ഞെടുപ്പ്

സർക്കാർ അനുവദിക്കുന്ന ലൊക്കേഷനുകളിലെ സംരംഭകത്വത്തിനായി പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരം ലഭിക്കുന്ന അപേക്ഷകളിലെ ബിൽഡിംഗ് സ്പെയിസ് ഉൾപ്പെടെയുള്ള അവകാശവാദങ്ങളുടെ നിജസ്ഥിതി ഒരാഴ്ചയ്ക്കകം അക്ഷയ ജില്ലാ ഓഫീസിൽനിന്നും പരിശോധിച്ച് അവയുടെ

നിജസ്ഥിതി സർട്ടിഫൈ ചെയ്ത് മാർക്ക് നൽകേണ്ടതും തുടർന്ന് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയിലൂടെ സെലക്ഷൻ നടപടികൾ പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നയാൾക്ക് അവകാശപ്പെട്ട പ്രകാരമുള്ള ഓഫീസ് സ്പെയിസ് ലഭ്യമാക്കാൻ സാധിക്കാതെ വരികയാണെങ്കിൽ റാങ്ക് ലിസ്റ്റിൽ തൊട്ടടുത്തയാൾക്ക് സെന്റർ അനുവദിക്കുന്നതായിരിക്കും.

- സംരംഭകത്വത്തിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 50 വയസായി നിജപ്പെടുത്തുന്നു.
- ഓൺലൈൻ ടെസ്റ്റിന് 50%-ൽ കുറയാതെ മാർക്ക് ലഭിക്കുന്നവരെ മാത്രമേ ഇന്റർവ്യൂവിന് ക്ഷണിക്കുകയുള്ളൂ.
- റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും.
- നിശ്ചിത വിസ്തീർണ്ണം സ്ഥലസൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ മാത്രമേ സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകുകയുള്ളൂ.

4. **അക്ഷയകേന്ദ്ര കൈമാറ്റം**

അക്ഷയ സംരംഭകന് സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/ മരണപ്പെടുന്ന അവസരത്തിലോ/ശാരീരിക മാനസിക അസ്വസ്ഥതകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ അല്ലാതെ മറ്റ് യാതൊരു സാഹചര്യത്തിലും കൈമാറ്റം അനുവദിക്കുന്നതല്ല. കൈമാറ്റം ചെയ്യുന്നതിന് 3 വർഷം പൂർത്തിയായിരിക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കുന്നു. കൈമാറ്റം ചെയ്യുവാൻ കഴിയുന്നത് ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/പ്രായപൂർത്തിയായ മകൻ/മകൾ എന്നിവർക്ക് മാത്രമായി നിജപ്പെടുത്തുന്നു. അക്ഷയകേന്ദ്ര കൈമാറ്റത്തിനുള്ള അപേക്ഷകളുടെ നിജസ്ഥിതി വളരെ വ്യക്തമായി അന്വേഷിച്ച് ഉത്തമ ബോധ്യമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കാൻ പാടുള്ളൂ. സംരംഭകരുടെ മരണം, ശാരീരിക മാനസിക അസ്വസ്ഥത എന്നിവ മൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 500 രൂപയും സംരംഭകന് ജോലി ലഭിക്കുന്നതുമൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 5,000 രൂപയുമായിരിക്കും. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ മറ്റേതെങ്കിലും കാരണത്താൽ സെന്റർ നടത്താൻ കഴിയാത്ത അവസ്ഥ വരികയാണെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സന്നദ്ധനായ ഏറ്റവും ഉയർന്ന റാങ്ക് ലഭിച്ചയാൾക്ക് സംരംഭകത്വം അനുവദിക്കുന്നതാണ്. ഓൺലൈനായി ആധാർ ബന്ധിപ്പിച്ചുകൊണ്ടുള്ള കൈമാറ്റത്തിനുള്ള സംവിധാനം തയ്യാറാവുന്നതു വരെ നിലവിലെ രീതിയിൽത്തന്നെ കേന്ദ്രകൈമാറ്റം നടത്തുന്നതാണ്.

5. **സബ് സെന്ററുകൾ**

അക്ഷയകേന്ദ്രങ്ങൾക്ക് ഉപകേന്ദ്രം/ഹെൽപ് ഡെസ്ക്/കിയോസ്ക് എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച ഓരോ കേസും സർക്കാർ പ്രത്യേകമായി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ആയതിലേക്കായി വ്യക്തമായ ശിപാർശ സഹിതമുള്ള പ്രൊപ്പോസൽ അക്ഷയ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത കേന്ദ്രങ്ങളുടെ സേവനം നിർത്തലാക്കേണ്ടി വരികയാണെങ്കിൽ അവ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഓഫീസിനുവെളിയിലേക്ക് മാറ്റി സ്ഥാപിക്കുന്ന കാര്യം പ്രത്യേക കേസായി സർക്കാർ പരിശോധിക്കുന്നതും ആവശ്യമാണെന്ന് കാണുന്നപക്ഷം അവ പ്രവർത്തിച്ചുവന്നിരുന്നതിന് 100 മീറ്റർ ചുറ്റളവിനുള്ളിലുള്ള മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതുമാണ്.

6. **അക്ഷയകേന്ദ്രം റദ്ദാക്കുന്നത്**

അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയോ പരാതികൾ ലഭിക്കുകയോ ചെയ്യുന്നപക്ഷം ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്:

- അക്ഷയ ജില്ലാ ഓഫീസിൽനിന്നും ഫീൽഡ് സ്റ്റാഫ് മുഖാന്തിരം പ്രാഥമിക അന്വേഷണം നടത്തുക.
- പരാതികൾ/വ്യവസ്ഥാ ലംഘനങ്ങളിന്മേൽ സംരംഭകന് കാരണം കാണിക്കൽ നോട്ടീസ് നൽകുക.
- പ്രാഥമിക അന്വേഷണത്തിൽ ആരോപണത്തിൽ കഴമ്പുണ്ടെന്ന് തെളിഞ്ഞാൽ കേന്ദ്രം താൽക്കാലികമായി സസ്പെന്റ് ചെയ്യുകയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അറിയിപ്പ് നൽകുകയും ചെയ്യുക. തുടർന്ന് വിശദമായ അന്വേഷണം നടത്തുക.
- സംരംഭകന് തന്റെ ഭാഗം വിശദീകരിക്കുന്നതിനായി കൃത്യമായി നോട്ടീസ് നൽകിയതിനുശേഷം ഹിയറിംഗ് നടത്തുക.
- സെന്റർ റദ്ദുചെയ്യേണ്ട സാഹചര്യം ഉണ്ടെന്നു ബോധ്യമാവുന്ന പക്ഷം സെന്റർ റദ്ദ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും തീരുമാനം ലഭ്യമാക്കുക.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനം ലഭിച്ചാലുടൻ സെന്റർ റദ്ദ് ചെയ്തുകൊണ്ട് ചീഫ് കോർഡിനേറ്ററുടെ നടപടിക്രമം പുറപ്പെടുവിക്കുക.

- സെന്റർ റദ്ദ്ചെയ്ത വിവരം സംസ്ഥാന ഓഫീസിൽ അറിയിക്കുകയും പ്രസ്തുത ലൊക്കേഷനിലേക്ക് കാലാവധി കഴിയാത്ത റാങ്ക് ലിസ്റ്റ് ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും സംരംഭകനെ തെരഞ്ഞെടുക്കുകയോ അല്ലെങ്കിൽ ലൊക്കേഷൻ വേക്കന്റായി പ്രഖ്യാപിക്കുകയോ ചെയ്യുക.
- തക്കതായ കാരണം കൂടാതെ 15 ദിവസത്തിൽ കൂടുതൽ അക്ഷയ കേന്ദ്രം പ്രവർത്തിപ്പിക്കാതിരിക്കുന്ന/അടച്ചിടുന്ന സെന്ററുകൾക്ക് നോട്ടീസ് നൽകി മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7. കരാർ പുതുക്കൽ

അക്ഷയ സംരംഭക കരാർ കാലാവധി കഴിയുന്നതിന് ഒരു മാസം മുമ്പ് അക്ഷയ ജില്ലാ ഓഫീസിൽനിന്ന് സംരംഭകർക്ക് അറിയിപ്പ് നൽകേണ്ടതാണ്. അപ്രകാരം അറിയിപ്പ് ലഭിച്ചാലുടൻതന്നെ കരാർ കാലാവധി കഴിയുന്നതിനുമുമ്പായി ആവശ്യമായ രേഖകളോടുകൂടി സംരംഭകർ അക്ഷയ ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കരാർ പുതുക്കുന്ന സമയത്ത് സർക്കാർ വ്യവസ്ഥകൾ പ്രകാരം അക്ഷയകേന്ദ്രങ്ങളിൽ നിർബന്ധമായും പാലിക്കേണ്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിമാത്രം കരാർ പുതുക്കി നൽകേണ്ടതുമാണ്. കാലാവധിക്കുശേഷം കരാർ പുതുക്കാത്ത സാഹചര്യത്തിൽ കാലതാമസം കൂടാതെ സംരംഭകന് നോട്ടീസ് നൽകേണ്ടതും കരാർ പുതുക്കാതെ കേന്ദ്രം പ്രവർത്തിപ്പിക്കുന്ന സാഹചര്യത്തിൽ അക്ഷയവഴി നൽകുന്ന സർവ്വീസുകൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് അക്ഷയ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതുമാണ്. മൂന്ന് മാസത്തിനുള്ളിൽ കരാർ പുതുക്കാത്ത സാഹചര്യമുണ്ടെങ്കിൽ നോട്ടീസ്, നേർക്കാഴ്ച, മറ്റ് നടപടിക്രമങ്ങൾ എന്നിവ പാലിച്ചുകൊണ്ട് സെന്റർ റദ്ദ് ചെയ്ത് പ്രസ്തുത ലൊക്കേഷനിൽ പുതിയ സംരംഭകനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അക്ഷയ സംരംഭക കരാറിന്റെ കാലാവധി രണ്ടു വർഷമായിരിക്കും. കരാർ പുതുക്കലിനുള്ള തുക 500 (അഞ്ഞൂറ്) രൂപ മാത്രം ആയിരിക്കും.

8. **അക്ഷയകേന്ദ്രങ്ങൾക്കുള്ള ശിക്ഷകൾ**

അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഗുരുതരമായ പോരായ്മകളോ ക്രമക്കേടുകളോ നടത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം ചുവടെ പറഞ്ഞിരിക്കുന്ന പ്രകാരം നടപടി സ്വീകരിക്കുന്നതാണ്:

- അക്ഷയകേന്ദ്രങ്ങൾ മുഖേനയുള്ള സേവനങ്ങൾക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സർവ്വീസ് ചാർജ്ജുകൾ പ്രസ്താവിക്കുന്ന റേറ്റ് ചാർട്ട് പൊതുജനങ്ങൾക്ക് പരസ്യമായി കാണാവുന്ന തരത്തിൽ പ്രദർശിപ്പിച്ചിട്ടില്ലെങ്കിൽ 5,000 രൂപ പിഴ ഈടാക്കുന്നതാണ്.
- സേവനങ്ങൾക്ക് അധിക ചാർജ്ജ് ഈടാക്കിയെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ 5,000 രൂപ പിഴ ഈടാക്കുന്നതാണ്.
- പൊതുജനങ്ങളോട് മോശമായി പെരുമാറുക/തെറ്റായ വിവരം നൽകുക/ഉപഭോക്താക്കളിൽനിന്നും അധിക തുക സേവനദാതാവിന് ഈടാക്കി നൽകുക എന്നിവ സംബന്ധിച്ച പരാതികൾ അന്വേഷിച്ച് ശരിയെന്ന് ബോധ്യപ്പെടുകയാണെങ്കിൽ 1,000 രൂപ പിഴ ഈടാക്കുന്നതും സർവ്വീസ് ചാർജ്ജും അധിക തുക സേവനദാതാവിന് ഈടാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതും ഉപഭോക്താവിന് തിരികെ ലഭ്യമാക്കുന്നതുമാണ്.
- അക്ഷയ സെന്ററിന്റെ വീഴ്ചമൂലം ഉപഭോക്താവിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷൻ/വിവിധ പ്രവേശന പരീക്ഷകൾക്കുള്ള രജിസ്ട്രേഷൻ/സർക്കാർ സേവനങ്ങൾക്കുള്ള രജിസ്ട്രേഷൻ എന്നിവ നഷ്ടപ്പെടുന്ന വിഷയം അതീവ ഗൗരവമായി കാണുന്നതും ഗുരുതര കൃത്യവിലോപമായി കണ്ട് വിശദമായ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുന്നതുമാണ്.

(III) മേൽ ഭേദഗതികൾക്ക് വിധേയമായി പരാമർശം 1 മുതൽ 3 വരെയുള്ള ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എം. ശിവശങ്കർ,
*സെക്രട്ടറി.*

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി. മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

എല്ലാ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (അക്ഷയ ഡയറക്ടർ മുഖാന്തിരം).

എല്ലാ അക്ഷയ സംരംഭകർക്കും (അക്ഷയ ഡയറക്ടർ മുഖാന്തിരം).

തദ്ദേശ സ്വയംഭരണ വകുപ്പ്.

വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.